"ഭരണഭാഷ — മാതൃഭാഷ"

**വളരെ അടിയന്തിരം**

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം - 33

Phone : 0471 – 2324951
0471 – 2325071
Tele Fax : 0471 – 2324951
Email: celsgd@gmail.com
Website: www. celsgd.kerala.gov.in

നം. ഡിബി 4/11807/2019/സിഇ/തസ്വഭവ തീയതി: 10.08.2019

# സർക്കുലർ

വിഷയം:- തസ്വഭവ - സാങ്കേതിക വിഭാഗം - കാലവർഷക്കെടുതികൾ നേരിടുന്നത് - സംബന്ധിച്ച്

സൂചന:-1) സ.ഉ (സാധാ) നം1735/2014/തസ്വഭവ തീയതി.09.08.2019
2) ഈ കാര്യാലയത്തിലെ 09.08.2019 ലെ ഇതേ നമ്പർ സർക്കുലർ
3) സർക്കാരിൽ നിന്നുള്ള

കാലവർഷക്കെടുതി നേരിടുന്നതിന്റെ ഭാഗമായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാർ സാങ്കേതികവും മറ്റുമായ എല്ലാവിധ സഹായ സഹകരണങ്ങളും നൽകേണ്ടതാണെന്ന് സൂചന (2) പ്രകാരം നിർദ്ദേശിച്ചിരുന്നു. ഈ സാഹചര്യത്തിൽ Head quarters - ൽ പ്രവർത്തിക്കുന്ന കോർപ്പറേഷൻ ,മുനിസിപ്പാലിറ്റി,ജില്ലാ പഞ്ചായത്ത് എന്നിവിടങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗം മേധാവികൾ ജില്ലാകളക്ടർ, A.D.M,തദ്ദേശസ്ഥാപനങ്ങളിലെ മേയർ/ചെയർമാൻ/ജില്ലാപഞ്ചായത്ത് പ്രസിഡന്റ്,സെക്രട്ടറിമാർ എന്നിവരെ നേരിൽ കണ്ട് ഈ വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്ന വകുപ്പുകളുമായി ചേർന്ന് മുൻപന്തിയിൽ നിന്ന് പ്രവർത്തിക്കണമെന്ന് നിർദ്ദേശിക്കുന്നു.അതുപോലെ തന്നെ ബ്ലോക്ക്/പഞ്ചായത്ത് തലങ്ങളിലും ബന്ധപ്പെട്ട എഞ്ചിനീയർമാർ അവരവരുടെ അധികാരപരിധിയിലുള്ള രക്ഷാപ്രവർത്തനങ്ങൾ നടത്തി വരുന്ന വകുപ്പുകളുമായി നേരിൽ കാണുകയും തഹസിൽദാർമാർ, പ്രസിഡന്റ്, സെക്രട്ടറി എന്നിവരുമായി യോജിച്ച് ആവശ്യമായ എല്ലാ പ്രവർത്തനങ്ങളും മുൻപന്തിയിൽ നിന്ന് ചെയ്യണമെന്ന് നിർദ്ദേശിക്കുന്നു. 24 മണിക്കൂറും തുറന്ന് പ്രവർത്തിക്കുന്ന ഓഫീസിന്റെ ഭാഗമായി നിലകൊള്ളണമെന്നും അടിയന്തിര ഘട്ടങ്ങളിൽ ഒഴികെ ഒരവധിയും അനുവദിയ്ക്കരുതെന്നും മേലധികാരികൾക്ക് ഇതിനാൽ നിർദ്ദേശം നൽകുന്നു.

ചീഫ് എഞ്ചിനീയറുടെ Website -ലെ proforma page -ൽ പ്രസിദ്ധികരിച്ചിട്ടുള്ള proforma No. MC – 19 – 001, MC-19-002, MC 19 – 003 എന്നിവയിൽ എല്ലാദിവസവും കൃത്യമായി രാവിലെ 8 മണിക്ക് മുൻപായും, ഉച്ചയ്ക്ക് 2മണിക്ക് മുൻപായും രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്. അതുപോലെ

തന്നെ കാലവർഷക്കെടുതിയുടെ ഭാഗമായുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അടിയന്തിരമായി ചില പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കേണ്ട സാഹചര്യം നിലനില്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒറ്റപ്പെട്ടുപോയ സ്ഥലങ്ങളിൽ നിന്നും രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിലേക്കായി, തടസ്സപ്പെട്ട റോഡുകൾ,രക്ഷാപ്രവർത്തനം സുഗമമാക്കുന്നതിന് വേണ്ടി സഞ്ചാര യോഗ്യമാക്കുന്നതിന് ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനിയർ/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ മേൽനോട്ടം വഹിക്കേണ്ടതും ആയത് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, മേഖല/കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ എന്നിവർ ശ്രദ്ധിക്കേണ്ടതും വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

ചീഫ് എഞ്ചിനീയർ